(സി) പത്തനംതിട്ട ജില്ലയിൽ സ്റ്റാമ്പ് ഡിപ്പോ സ്ഥാപിച്ചിട്ടില്ല. കൊല്ലം, ആലപ്പുഴ ജില്ലാ സ്റ്റാമ്പു ഡിപ്പോകളിൽനിന്നാണ് പത്തനംതിട്ട ജില്ലയിലേയ്ക്ക് മുദ്രപ്പത്രങ്ങൾ കൊണ്ടുവരുന്നത്. അവിടെ സ്റ്റോക്കുള്ള സാധനങ്ങൾ പത്തനംതിട്ട ജില്ലയിലും സാധാരണ ഗതിയിൽ ലഭിക്കാറുണ്ട്.

(ഡി) ചെറിയ മൂഖവിലയുള്ള മുദ്രപ്പത്രങ്ങളുടെ മുദ്രണം ഇപ്പോൾ സംസ്ഥാനത്ത് നടക്കുന്നില്ല. ആയതിനാൽ സംസ്ഥാനത്ത് പൊതുവെ ചില സമയത്ത് ക്ഷാമം അനുഭവപ്പെടാറുണ്ട്. സംസ്ഥാനത്തെ മുദ്രപ്പത്രങ്ങളുടെ വിതരണം ലഭ്യതയെ അടിസ്ഥാനമാക്കി മാത്രമേ നടത്താൻ സാധിക്കുകയുള്ളു. റവന്യൂ ഡിപ്പാർട്ടുമെന്റിൽനിന്നും നൽകുന്ന ഇൻഡന്റ് അനുസരിച്ചാണ് മുദ്രപ്പത്രങ്ങൾ ലഭിക്കുന്നത്. ആയതിനാൽ മുദ്രപ്പത്രക്ഷാമം സംബന്ധിച്ച് ട്രഷറി ഡിപ്പാർട്ടുമെന്റിൽനിന്നും ആരുടെ പേരിലും നടപടി എടുക്കുവാൻ തൽക്കാലം നിർവ്വാഹമില്ല.

(ഇ) മുദ്രപ്പത്രക്ഷാമം ഒഴിവാക്കുവാൻവേണ്ടി ലഭ്യമാക്കുന്ന എല്ലാ വിലക്കുമുള്ള മുദ്രപ്പത്രങ്ങളും കഴിവതുംവേഗം സ്റ്റോക്കെടുത്ത് വിൽപ്പന നടത്തുന്നതാണ്.

21 (2578) ധനകാര്യ വകുപ്പിന്റെ അന്വേഷണം സംബന്ധിച്ചുള്ള വിശദാംശങ്ങൾ

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 3461/അഗ്രി.സി1/96/ഫിൻ. എന്ന ഫയലിൽ ധനകാര്യ വകുപ്പ് നടത്തിയ അന്വേഷണത്തിൽ ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻസിന് എന്തെങ്കിലും പങ്കാളിത്തം ഉണ്ടായിരുന്നുവോ എന്ന് വ്യക്തമാക്കുമോ;

(ബി) ഈ വസ്തുതയുമായി ബന്ധപ്പെട്ട് ഏതെങ്കിലും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ)&(ബി) ധനകാര്യ വകുപ്പ് പരിശോധന നടത്തി റിപ്പോർട്ട് ഭരണവകുപ്പിനയച്ചിട്ടുണ്ട്. അനന്തര നടപടികളെക്കുറിച്ച് വിവരം ശേഖരിച്ചുവരുന്നു.

22 (2579) പട്ടികജാതി വികസന കോർപ്പറേഷൻ ജീവനക്കാരുടെ ശമ്പള പരിഷ്കരണം.

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പട്ടികജാതി വികസന കോർപ്പറേഷൻ ജീവനക്കാരുടെ ശമ്പള പരിഷ്കരണ നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഇവിടുത്തെ ശമ്പള പരിഷ്കരണം എന്നത്തേയ്ക്ക് നടപ്പാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാന പട്ടികജാതി വികസന കോർപ്പറേഷൻ ജീവനക്കാരുടെ ശമ്പള പരിഷ്കരണ നടപടികളെ സംബന്ധിച്ച ഫയൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) സമീപ ഭാവിയിൽത്തന്നെ ശമ്പള പരിഷ്കരണം നടപ്പാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

23 (2580) സർക്കാരുദ്യോഗസ്ഥർ ജാമ്യം നിൽക്കുമ്പോഴുള്ള വ്യവസ്ഥകൾ

ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഉദ്യോഗസ്ഥന്മാർക്ക് സ്വന്തം ശമ്പളത്തിന്റെ ജാമ്യത്തിൽ സഹകരണ മേഖലയിൽനിന്നോ കേരള ഫിനാൻഷ്യൽ എന്റർപ്രൈസസിൽനിന്നോ വായ്പയെടുക്കുന്നതിനോ ചിട്ടിത്തുക വാങ്ങിക്കുന്നതിനോ സൗകര്യം ചെയ്തുകൊണ്ട് ഉത്തരവ് നിലവിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവുമൂലമോ സർവ്വീസ് റൂൾസ് മൂലമോ ജാമ്യം നിൽക്കാവുന്ന തുകയുടെ പരിധി നിശ്ചയിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഈ പരിധി ഗസറ്റഡ് ഓഫീസർമാർക്ക് എത്രയാണ്; നോൺ ഗസറ്റഡ് ഓഫീസർമാർക്ക് എത്രയാണ്;

(ഡി) ഓരോ വർഷവും ജാമ്യം നിൽക്കുന്നതിന് ഉപയോഗിക്കാവുന്ന ശമ്പള സർട്ടിഫിക്കറ്റിന്റെ എണ്ണം എത്രയാണ്? അഡീഷണൽ സെക്രട്ടറി മുതൽ പ്യൂൺ വരെയുള്ള ഉദ്യോഗസ്ഥർക്ക് പ്രത്യേകം പ്രത്യേകം എണ്ണം നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്നു പ്രത്യേകം പ്രത്യേകം വ്യക്തമാക്കുമോ;

(ഇ) ജാമ്യം നിൽക്കുന്ന തുകയുടെ പരിധിയോ ഉപയോഗിക്കാവുന്ന സാലറി സർട്ടിഫിക്കറ്റിന്റെ എണ്ണമോ (വാർഷികാടിസ്ഥാനത്തിൽ) നിശ്ചയിക്കുന്നതിനുള്ള അധികാരം ഏതെങ്കിലും ഉദ്യോഗസ്ഥനു നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) ധനകാര്യവകുപ്പിൽനിന്ന് ഇതു സംബന്ധിച്ച് ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. ഇക്കാര്യത്തിൽ ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളുടെ നിയമാവലികളാണ് ബാധകമാകുന്നത്.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

(ഡി) ഇക്കാര്യത്തിൽ പൊതുവായ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ല.

(ഇ) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly